കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വട്ടംകുളം ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
E-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.10/2134/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 24/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വട്ടംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടംകുളം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എബികെ 11/17

നം.കെ.എസ്.എ.എം.പി.എം.10/2134/2017

തിയ്യതി: 24/11/2017

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് മുതൽ 12-09-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളിലേക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-9-2017മുതൽ 25-9-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.റിഷിൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. സി.അബ്ദുൽ ഗഫൂർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം (പിൻ കോഡ് സഹിതം) |
|---|---|---|---|
| ശ്രീജ | 1/4/2016- 31/3/2017 | പ്രസിഡണ്ട്<br>വട്ടംകുളം ഗ്രാമപഞ്ചായത്ത് | പാറക്കൽ, മൂതൂര് പി.ഒ,<br>മലപ്പുറം ജില്ല, 679587 |

നിർവഹണ ഉദ്യോഗസ്ഥർ

| | | | | |
|---|---|---|---|---|
| സെക്രട്ടറി | പരമേശ്വരൻ,<br>സെക്രട്ടറി (ചാർജ്) | 1/4/2016-<br>5/1/2017 | സെക്രട്ടറി ,<br>ഏങ്ങണ്ടിയൂർ | പുളിന്തറ ഇല്ലം -<br>സരോവരം, |

| | | | | |
|---|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | പോസ്റ്റ് അന്തിക്കാട്, തൃശ്ശൂർ |
| | ഹരിദാസൻ.പി.എസ്. സെക്രട്ടറി (ചാർജ്ജ്) | 6/1/17 – 17/1/2017 | ജോയി.സെക്രട്ടറി , വട്ടംകുളം ഗ്രാമപഞ്ചായത്ത് | പെരിങ്ങാട്ട്, പുറനാട്ട്കര, തൃശ്ശൂർ |
| | രാജേഷ്.എം | 18/1/17 – 31/3/2017 | സെക്രട്ടറി , പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത്, | ചെറുശ്ശേരി, മുണ്ടുപറമ്പ് |
| അസി.എഞ്ചിനീയർ | കെ.രാമചന്ദ്രൻ | 1/4/2016– 18/7/2016 | അസി.എഞ്ചി. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | കരിപാലിൽ, എടപ്പാൾ. പ.ഒ, മലപ്പുറം |
| | സന്തോഷ് കുമാർ.എം.കെ | 19/7/2016– 31/3/2017 | അസി.എഞ്ചിനീയർ, വട്ടംകുളം ഗ്രാമപഞ്ചായത്ത് | മുണ്ടൻവേലി, കൊരട്ടി പി.ഒ, ചാലക്കുടി |
| വി.ഇ.ഒ | സി.പി അജേഷ് | 1/4/2016– – 31/3/2017 | വി..ഇ.ഒ , വട്ടംകുളം ഗ്രാമപഞ്ചായത്ത് | ചിത്രക്കുട പറമ്പില്, പോസ്റ്റ് പെരുമ്പറമ്പ്, 679576, മലപ്പുറം |
| മെഡിക്കൽ ഓഫീസർ | ഡോ. മുഹമ്മദ് ഫസൽ. | 01-04-2016 – 12-07-2016 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി വട്ടംകുളം, വട്ടംകുളം പി.ഓ | നൂർ മഹൽ, മുളുർ. പി.ഒ, ചേകന്നൂർ, മലപ്പുറം |
| | ഡോ.മിർഫതി ഇബ്രാഹിം | 13-7-2016 - 31-3-2017 | അവധിയിൽ | കറുപ്പം വീട്ടിൽ, എടപ്പാൾ |
| വെറ്ററിനറി സർജൻ | ഡോ. വി.കെ.പി മോഹൻ കുമാർ, | 1/4/2016– – 31/3/2017 | വെറ്ററിനറി സറജൻ, വെറ്ററിനറി ഹോസ്പിറ്റൽ | ജോതിസ്, പുഴ നമ്പ്രം രോഡ്, കുറ്റിപ്പുറം പി.ഒ, |

| | | | | |
|---|---|---|---|---|
| | | | വട്ടംകുളം ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| കൃഷി ഓഫീസർ | പി.എം. ജോഷി | 01-04-2016 - 31-10-2016 | കൃഷി ഓഫീസർ<br>വട്ടംകുളം കൃഷിഭവൻ വട്ടംകുളം | പാറത്തോട്ടത്തില് ഫാർമസി എസ്റ്റേറ്റ്, പട്ടാമ്പി പി.ഓ, പാലക്കാട് |
| | സുമ്ന.എ.ബീവി (ചാർജ്) | 1.11.2016-31.1.2017 | കൃഷി ഓഫീസർ, കാലടി കൃഷിഭവൻ | നെല്ലിമുക്ക്, കൊല്ലം വെസ്റ്റ്, 691012 |
| | അനശ്രീ | 1.2.2017-31.3.2017 | സർവീസിൽ ഇല്ല | ശ്രീരംഗം, പുനംങ്ങോട്, വെങ്ങാനൂർ |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | ടി. കൃഷ്ണജ | 01-04-2016 -26.7.2016 | ഐ.സി.ഡി.എസ് സൂപ്രവൈസർ, കാലടി ഗ്രാമപഞ്ചായത്ത്, കാടഞ്ചേരി പി.ഓ, മലപ്പുറം ജില്ല | തൊഴക്കാട്ട്, തൃക്കണാപുരംപിഒ. മലപ്പുറം |
| | കോമളം.പി. | 27.7.2016-31.3.2017 | ഐ.സി.ഡി.എസ് സൂപ്രവൈസർ, പൊന്നാനി | മന്നംമുക്കിൽ , തവനൂർ |
| അസി.സെക്രട്ടറി | പരമേശ്വരൻ.പി.ഡി, | 01-4-2016 - 5-01-2017 | സെക്രട്ടറി , ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | പുളിന്തറ ഇല്ലം - സരോവരം, പോസ്റ്റ് അന്തിക്കാട്, തൃശ്ശൂർ |
| | ഒഴിവ് | 6.1.2017-15.1.2017 | | |
| | രാധാകൃഷ്ണൻ.കെ.കെ | 16.1.2017- | അസി.സെക്രട്ടറി , | കരുണച്ചൽ |

| | | | | |
|---|---|---|---|---|
| | | 31.3.2017 | വട്ടംകുളം ഗ്രാമപഞ്ചായത്ത്, | ഹൗസ്, തലക്കോട്ടുകര, കേച്ചേരി., 680501 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | ഡോ. പി. ജോയ്, | 01-04-2016 - 11-01-2017 | എം.ഡി. ഹോമിയോ, ആലപ്പുഴ | ശാലോം നിയർ കോൺവെന്റ് റോഡ്, പൊന്നാനി |
| | റാണി കോമളം.പി | 12.1.2017- 31.3.2017 | മെഡിക്കൽ ഓഫീസർ വട്ടംകുളം ഗ്രാമപഞ്ചായത്ത്, | ശാലോം നിയർ കോൺവെന്റ് റോഡ്, പൊന്നാനി |
| ഹെഡ്മിസ്ട്രസ് | പ്രേമലത . | 1/4/2016- - 31/3/2017 | എച്ച്.എം, ജി.എൽ.പി.എസ് ശുകപുരം | കുപ്പത്ത വീട്, തുയ്യം, എടപ്പാൾ .പി.ഒ., മലപ്പുറം |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | കളക്ഷൻ അടവ് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2-2 |
| 14 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 2-3 |
| 15 | ലൈസൻസ് ഫീ- അപാകതകൾ | 2-4 |
| 16 | തനത് വരുമാനത്തിന് രണ്ട് അക്കൗണ്ട് ക്രമപ്രകാരമല്ല | 2-5 |
| 17 | നിഷ്ക്രിയ അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടില്ല. | 2-6 |
| 18 | സിനിമാ ടിക്കറ്റുകൾ സീൽ ചെയ്ത് നൽകിയില്ല | 2-7 |
| ഭാഗം 3 | | |
| 19 | ചെർളശ്ശേരി കുടിവെള്ള പദ്ധതി - അപാകതകൾ – 13715 രൂപ അനുവദിക്കുന്നില്ല | 3-1 |
| 20 | നെല്ലിശ്ശേരി റോഡ് ഡ്രൈനേജ് നിർമ്മാണം - ബെഡ് കോൺക്രീറ്റിംഗിന് അധിക കനം | 3-2 |
| 21 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| 22 | വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-4 |
| 23 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പദ്ധതി ചെലവുകൾ - അവലോകനം | 3-5 |
| 24 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവർത്തികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത വ്യക്തിയിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയില്ല | 3-6 |
| 25 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-7 |
| 26 | ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 3-8 |
| 27 | നിർമ്മാണ തൊഴിലാളി ക്ഷേമവിഹിതം അടവാക്കിയതിൽ കുറവ് | 3-9 |
| 28 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - ഒരു വിശകലനം | 3-10 |
| 29 | അനുവദിച്ച തുകക്കുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല - 247489/- രൂപ തടസ്സം ചെയ്യുന്നു. | 3-11 |
| 30 | ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 3-12 |
| 31 | ആശ്രയ പദ്ധതി കാര്യക്ഷമമല്ല - പദ്ധതി നിശ്ചലാവസ്ഥയിൽ | 3-13 |
| 32 | LIC അധികം അടവാക്കിയത് | 3-14 |
| 33 | വൗച്ചറുകൾ ഹാജരാക്കിയില്ല- തുക തടസ്സം ചെയ്യുന്നു | 3-15 |
| 34 | ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സം ചെയ്യുന്നു | 3-16 |

| | | |
|---|---|---|
| 35 | LIC വിഹിതം അടവ് വിവരം ലഭ്യമാക്കിയില്ല | 3-17 |
| 36 | തെരുവ് വിളക്ക് റിപ്പയർ -രേഖകൾ ഹാജരാക്കിയില്ല. | 3-18 |
| 37 | ഓണം അഡ്വാൻസ് തിരിച്ചടവ് വിവരം ലഭ്യമാക്കേണ്ടതാണ്. | 3-19 |
| 38 | SC കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ രേഖകൾ ഹാജരാക്കിയില്ല. | 3-20 |
| 39 | കാഴ്ച വൈകല്യമുള്ളവർക്ക് ലാപ് ടോപ് നൽകൽ -അപാകത | 3-21 |
| 40 | ജീവനക്കാരുടെ ശമ്പള റിക്കവറികൾ,പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ യഥാസമയം അടവാക്കാത്തത്-സംബന്ധിച്ച് | 3-22 |
| 41 | ഇൻകം ടാക്സ് കണക്കാക്കിയതിൽ ആർജ്ജിതാവധി ഉൾപ്പെടുത്താത്തത് -സംബന്ധിച്ച് | 3-23 |
| 42 | ഗ്രാമപഞ്ചായത്ത് വാഹനം ലോഗ് ബുക്ക് സൂക്ഷിപ്പ്-അപാകതകൾ-സംബന്ധിച്ച് | 3-24 |
| 43 | ലൈബ്രറി സെസ് അടവ് -സംബന്ധിച്ച് | 3-25 |
| 44 | പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിയില്ല | 3-26 |
| 45 | മരുന്ന് ലഭ്യമാക്കിയില്ല | 3-27 |
| ഭാഗം 4 | | |
| 46 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 49 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 55 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1,2 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് 27.09.2016 തിയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 13.02.2017 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 14.9.17 – 15.9.17 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ബാലൻസ്ഷീറ്റ്,ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക,റസീറ്റ് ആന്റ്പേമന്റ് പത്രിക എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്

വാർഷിക ധനകാര്യ പത്രിക – അപാകതകളുടെ സംഗ്രഹം

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം- 57, 58 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ നടപടി / പരിശോധന / സാക്ഷ്യപ്പെടുത്തലുകൾ ഭാഗികമായി മാത്രമാണ് സെക്രട്ടറി പൂർത്തീകരിച്ചിട്ടുള്ളത്.
4. വസ്തു നികുതി- തൻവർഷ ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.
5. വസ്തു നികുതി മുൻ വർഷങ്ങളിലെ അധിക ഡിമാന്റിലൂടെ പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് journal entry നടത്തിയിട്ടില്ല.
6. *തൊഴിൽ നികുതി തൻവർഷ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കിയിട്ടില്ല.*
7. *വാടക രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലേല രജിസ്റ്റർ,, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, സ്റ്റോക്ക് റിപ്പോർട്ട്, ലോൺ രജിസ്റ്റർ, വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ തൻവർഷ- കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല*
8. ബജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

9. *ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കിയിട്ടില്ല. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ B-7, B-18 ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.*
10. *വിനോദ നികുതി, ബിൽഡിങ്ങ് പെർമിറ്റ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.*
11. *D&Oലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവ് 1,44,450 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം വരവ് 1,50,215 രൂപയാണ്.*
12. *മെഷിനറി ഇൻസ്റ്റലേഷൻ ഫീ ഇനത്തിൽ D&Oലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്റർ പ്രകാരം വരവ് 14,850 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം വരവ് 11,700 രൂപയാണ്.*
13. *ബാങ്ക് ബുക്ക്, കാഷ് ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.*
14. *സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ നൽകിയ തുകകൾ വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല. (RP-19, RP-7, Schedule 1-14(d))*
15. *ഇംപ്രസ്റ്റ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.*
16. *മുൻ വർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.*
17. മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിൽ വലിയ വ്യതാസം കാണുന്നു. ബന്ധപ്പെട്ട കാഷ് ബുക്ക് ,അനുബന്ധ രേഖകൾ പ്രകാരം മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് താഴെ പറയുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 4349 | അഡ്മിനിസ്ട്രേഷൻ ചെലവ് | 1011399 |
| അഡ്മിനിസ്ട്രേഷൻ വരവ് | 1011014 | പലിശ | 12 |
| പലിശ | 16045 | EFMS ചെലവ് | 1,36,64,088 |
| EFMS വരവ് | 1,36,64,100 | മറ്റു ചെലവ് | - |
| | | നീക്കിയിരിപ്പ് | 20009 |
| ആകെ | 1,46,95,508 | | 1,46,95,508 |

പദ്ധതിയുമായി ബന്ധപ്പെട്ട യഥാർത്ഥ ചെലവ് 1,46,75,499 രൂപയാണെന്നിരിക്കെ 1,43,39,516 രൂപ മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം 335983 രൂപ. 335983 രൂപയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

18. *MNREGS കാഷ് ബുക്ക് പ്രകാരം അഡ്മിനിസ്ട്രേഷൻ വരവ് 1011014 രൂപയാണ്. വാർഷിക കണക്കിൽ*

*ഉൾപ്പെടുത്തിയത് 1027059 രൂപ. MNREGS കാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 20009 രൂപയാണ്. വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത് 20021 രൂപ.*

19. *അക്രൂവൽ വരവുകൾ RP-1 ൽ തെറ്റായി ഉൾപ്പെടുത്തി (തൊഴിൽ നികുതി (Traders) – 2580)*
20. *RP-36, RP-43 എന്നീ സ്റ്റേറ്റ്മെന്റുകൾ രണ്ട് തവണ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*
21. *അക്കൗണ്ടുകളിൽമേലുള്ള പലിശ വരവുകൾ അക്രൂ ചെയ്ത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (SMGB-Pension)*
22. ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

. *കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 2011 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ ബാങ്ക് ബുക്കുമായി പ്രതിമാസ / വർഷാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വക്കണം. എന്നാൽ 2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ നീക്കിയിരിപ്പ് കാണിക്കുന്ന 10 അക്കൗണ്ടുകളിൽ ഒന്നുപോലും റീക്കൺസിൽ ചെയ്തിട്ടില്ല. അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകൾ പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ ഓരോ അക്കൗണ്ടുകളുടെയും വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരുപ്പുകളുടെ കൃത്യത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തലുകൾ നടത്താതെ എന്തടിസ്ഥാനത്തിലാണ് നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമല്ല. നീക്കി ബാക്കി തുക ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ*

| ഇനം | അക്കൗണ്ട് | AFS പ്രകാരം | പാസ് ബുക്ക് പ്രകാരം |
|---|---|---|---|
| പ്ലാൻ | PNB | 8833 | 13137 |
| തനത് ഫണ്ട് | ,, | 1554071 | 1089797 |
| പെൻഷൻ | SMGB | 85347 | ലഭ്യമല്ല |
| ടോട്ടൽ സാനിറ്റേഷൻ | ,, | 318605 | 469160 |
| തനത് ഫണ്ട് | ,, | 9820794 | 7961805 |
| സാക്ഷരത | ,, | 8942 | ലഭ്യമല്ല |
| SSA | PNB | 512 | 9866 |
| ദുരിതാശ്വാസം | KGB | 36307 | 25057 |
| MNREGS | KGB | 20021 | 859896 |
| Try TSB A/c | - | 18353167 | 20644978 |

23. തൊഴിൽ രഹിത വേതനം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

| തൊഴിൽ രഹിത വേതന രജിസ്റ്റർ | വാർഷിക കണക്ക് | വ്യത്യാസം |
|---|---|---|
| 180600 | 233760 | 53160 |

24. B-4, B-17 എന്നീ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല (MNREGS)

| Schedule B-4 | Schedule B-17 | വ്യത്യാസം |
|---|---|---|
| 1406226 | 20021 | 1386205 |

25. Schedule B-4, RP-40(b) എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല (MNREGS)

| Schedule B-4 | RP-40(b) | വ്യത്യാസം |
|---|---|---|
| 1406226 | 20021 | 1386205 |

26. MNREGS ചെലവ് തുക Income & Exp. ൽ പൊരുത്തപ്പെടുന്നില്ല.

| Schedule 1-6 | Schedule 1-14(a) | വ്യത്യാസം |
|---|---|---|
| 1,35,81,477 | 1,43,39,516 | 758030 |

27. വാർഷിക കണക്ക് പ്രകാരം ബാലൻസ് ഷീറ്റിൽ താഴെ പറയുന്ന തുകകൾ (-) ആയി ഉൾപ്പെട്ടിട്ടുണ്ട്.

| Schedule | Code | Amt |
|---|---|---|
| B-4 | 320100108 | 15995123 |
| B-7 | 340100101 | 2951 |
| | 340100201 | 10913 |
| B-9 | 350110106 | 46235 |
| | 350200101 | 226916 |
| | 350200106 | 400 |
| | 350200114 | 46413 |
| | 350200201 | 6785 |
| | 350200299 | 5210 |
| B-15 | 431100101 | 267607 |
| | 431100102 | 962102 |
| | 431100103 | 218740 |
| | 431100104 | 88714 |
| | 431100107 | 6615 |
| | 431100108 | 2687 |
| | 431100110 | 2078 |
| | 431100111 | 4538 |
| | 431100112 | 2190 |
| | 431190102 | 38100 |
| | 431300101 | 295245 |
| | 431300102 | 7570 |
| | 431400101 | 32403 |
| | 431400102 | 1629 |
| | 431400103 | 1626 |
| | 431400115 | 950 |
| B-18 | 460100101 | 4000 |

28. പെൻഷൻ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

29. 2015-16വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

30. വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ്

എൻക്വയറി നം.3/16.09.17 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 24319619 |
| വരവ് | 59406371 |
| ആകെ | 83725990 |
| ചെലവ് | 53155581 |
| നീക്കിയിരിപ്പ് | 30570409 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം | നീക്കിയിരിപ്പ് RP-40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11497360 | 11497360 | 9617653 | 1879707 | 83.65 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9007098 | 9007098 | 7700533 | 1306565 | 85.49 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7845 | 7845 | 7845 | 0 | 100 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 14934388 | 14934388 | 5884482 | 9049906 | 39.4 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3160407 | 3160407 | 1805882 | 1354525 | 57.14 | 0 |
| എം.എൻ.ആർ.ഇ. ജി.എസ്. | 0 | 1027059 | 1027059 | 1011399 | -- | 98.48 | 15660 |
| ബി ഫണ്ട് | 0 | 263760 | 263760 | 263760 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എ ണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2016-17 | 221 | 92318086 | 122 | 38629090 | 18 | 81 | 55.2 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ; ഇല്ല

## 1-7 തനത് വരുമാനം. 2016-17

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.08 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4082288 | 5779538 | 1697250 | 41.58 |
| നികുതിയേതര വരവുകൾ | 1604010 | 673287 | -930723 | -58.02 |
| മറ്റുവരവുകൾ (ജനറൽ പർപ്പസ്) | 0 | 34081 | 34081 | - |
| ആകെ | 5686298 | 6486906 | 800608 | 14.08 |

## 1-8 ക്ഷേമപദ്ധതികൾ 2016-17

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47760 | 83 |
| കർഷകതൊഴിലാളി പെൻഷൻ | 2958800 | 315 |
| വിധവാപെൻഷൻ | 13385910 | 1198 |
| വാർദ്ധക്യകാലപെൻഷൻ | 28298640 | 2441 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3266030 | 366 |
| വിവാഹ ധനസഹായം | 300000 | 1 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1030990 | 102 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

*1994*-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ *6(4)*-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന *13.7.17* ന് *10.30*ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5214/- രൂപ ക്യാഷ് ബാലൻസിന്റെകൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

ഫയലുകളുടെ സൂക്ഷിപ്പ്

സെക്രട്ടറിയുടെ വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. ഹാജരാക്കിയ മിക്കവാറും വൗച്ചറുകളിൽ ബന്ധപ്പെട്ട സബ് വൗച്ചറുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ അപാകതകൾ വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടക്കുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ , ഹെഡ്മാസ്റ്റർ എന്നിവർ TR-7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

അടിസ്ഥാന സൗകര്യങ്ങൾ

ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടില്ല. യാതൊരു സൗകര്യവും ഇല്ലാതെയാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നത്. ഭരണസമിതി യോഗം ചേരുന്നതിന് സൗകര്യമുള്ള മീറ്റിങ് ഹാൾ പഞ്ചായത്തിൽ ഇല്ല. സെക്ഷനുകളിലെ ഫയലുകൾ സൂക്ഷിക്കുന്നതിനും മറ്റും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.7.17 | 06/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.5.2008 മുതൽ 24.05.2008 വരെ | 1997-98 മുതൽ 2007-08 വരെ | 9.7.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കളക്ഷൻ അടവ് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ ദിവസ കളക്ഷൻ ബാങ്കിൽ അടവാക്കുന്നത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. 2016-17 വർഷത്തിൽ ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിനേന പ്രിന്റ് എടുക്കുകയോ സെക്രട്ടറി ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല. 23.6.2017ലെ കളക്ഷൻ തുക 18827 രൂപ യഥാ സമയം ബാങ്കിൽ അടവാക്കിയില്ല. ആയത് 11.7.2017നാണ് ബാങ്കിൽ അടവാക്കിയത്. ദിവസ കളക്ഷൻ ബാങ്കിൽ അടവാക്കുന്നത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്താത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ എടപ്പാൾ ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിൽ നിന്നും, അർദ്ധവർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത ജീവനക്കാർ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (തിയ്യതി -27.2.17)

| പേര് | സ്ഥാപനം | തസ്തിക | റിമാർക്സ് | അർദ്ധ വർഷം | അർ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|---|
| അമൂല്യ.എം.കെ. | എടപ്പാൾ ഹോസ്പിറ്റൽ | നഴ്സ് | Relieved on 28.1.17 | 2016-17 രണ്ടാം | 41070 | 300 |
| ഡോ. ജൂഡോ | എടപ്പാൾ ഹോസ്പിറ്റൽ | ഡോക്ടർ | Relieved on 1.1.17 | 2016-17 രണ്ടാം | 23700 | 180 |
| ഡോ.സുരേഷ്. | എടപ്പാൾ ഹോസ്പിറ്റൽ | സർജൻ | Relieved on 1.1.17 | 2016-17 രണ്ടാം | 84695 | 750 |
| അനുമോൾ അബ്രഹാം | എടപ്പാൾ ഹോസ്പിറ്റൽ | നഴ്സ് | Relieved on 28.1.17 | 2016-17 രണ്ടാം | 23842 | 180 |
| ഷൈമോൾ | എടപ്പാൾ ഹോസ്പിറ്റൽ | നഴ്സ് | Relieved on 12.1.17 | 2016-17 രണ്ടാം | 37278 | 300 |

| | | | | | | |
|---|---|---|---|---|---|---|
| സൗമ്യ.എം.വി | എടപ്പാൾ ഹോസ്പിറ്റൽ | നഴ്സ് | Relieved on 23.1.17 | 2016-17 രണ്ടാം | 25216 | 180 |
| ആകെ | | | | | | 1890 |

## 2-3 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

2016-17 വർഷത്തിൽ ചില സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുണ്ട്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (25 /22.9.2017) ക്ക് മറുപടി ലഭിച്ചിട്ടില്ല. കുറവ് വന്നത് ഈടാക്കേണ്ടതും ദിവസ വിറ്റുവരവ് അനുസരിച്ച് ലൈസൻസ് ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. വിശദ വിവരം ചുവടെ

| ക്രമ.നം | സ്ഥാപനം / ഉടമ/ അപേക്ഷാ നം. | ദിവസ വിറ്റുവരവ് | ഈടാക്കേണ്ട ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | ഡോ.സുനിൽ കുമാർ / 101 | 25000 | 500 | 200/ 23.2.16 | 300 |
| 2 | ഷാലിമാർ ഹോളോബ്രിക്സ്/ 239 | 45000 | 1000 | 500/ 27.2.16 | 500 |
| ആകെ | | | | | 800 |

## 2-4 ലൈസൻസ് ഫീ- അപാകതകൾ

1. ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ല. അപേക്ഷയിൽ സൂചിപ്പിക്കുന്ന വിവരങ്ങൾ കൃത്യമാണോ എന്ന് പ്രാദേശികമായി പരിശോധിച്ച് സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് അനുവദിക്കേണ്ടതുമാണ്.

2. ഏതാനും അപേക്ഷകളിൽ പ്ലാസ്റ്റിക് നിരോധന- സ്ഥല നാമ സാക്ഷ്യപത്രം ഇല്ല. അപേക്ഷയോടൊപ്പം സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ടോ എന്നും സ്ഥാപനത്തിൽ ആയത് പാലിക്കുന്നുണ്ടോ എന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

3.ഗ്രാമ പഞ്ചായത്തിലെ എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തി അനധികൃത വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതുമാണ്.

4. ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഫീൽഡ് പരിശോധന നടത്തി എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

അപാകതകൾ ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (25 /22.9.2017) ക്ക് മറുപടി നൽകിയിട്ടില്ല.

## 2-5 തനത് വരുമാനത്തിന് രണ്ട് അക്കൗണ്ട് ക്രമപ്രകാരമല്ല

സർക്കുലർ നം 58725/FM.3.2008.LSGD Dtd.26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒരു അക്കൗണ്ട് മാത്രമേ പരിപാലിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഗ്രാമ പഞ്ചായത്ത് തനത് വരുമാനം സൂക്ഷിക്കുന്നതിന് താഴെ പറയുന്ന രണ്ട് അക്കൗണ്ടുകൾ പരിപാലിക്കുന്നു.

| ബാങ്ക് | അക്കൗണ്ട് | നിലവിലെ ബാലൻസ് |
|---|---|---|
| SMGB,Edappal | A/c No.40225100108504 | 98,20,794 |
| PNB, Edappal | 4268000100062355 | 15,54,071 (not live) |

തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒരു അക്കൗണ്ട് മാത്രം പരിപാലിക്കേണ്ടതാണ്. നിലവിലെ ലൈവ് അക്കൗണ്ടിലേക്ക് PNB, Edappal ബാങ്കിൽ ബാലൻസുള്ള തുക മാറ്റി തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒരു അക്കൗണ്ട് മാത്രം നിലനിർത്തേണ്ടതാണ്. ഇത്തരത്തിൽ രണ്ട് അക്കൗണ്ട് പരിപാലിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും ലൈവ് അല്ലാത്ത അക്കൗണ്ട് ക്ലോസ്സ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 നിഷ്ക്രിയ അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടില്ല.

ഗ്രാമ പഞ്ചായത്ത് വ്യത്യസ്ഥ ആവശ്യങ്ങൾക്ക് വേണ്ടി തുടങ്ങിയ താഴെ പറയുന്ന ബാങ്ക് അക്കൗണ്ട് കാലങ്ങളായി ഇടപാടുകൾ ഇല്ലാതെ കിടക്കുകയാണ്. പ്രസ്തുത നിഷ്ക്രിയ അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| Bank | A/c No. | Amount |
|---|---|---|
| PNB (Plan), Edappal | 4268000100062355 | 13137 |
| SMGB (Pension), Edappal | CA 44 | 85347 (വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് ഉള്ളതായും ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ക്ലോസ്സ് ചെയ്തതായും കാണുന്നു (24.7.14 ). എന്നാൽ പിൻവലിച്ച തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |

## 2-7 സിനിമാ ടിക്കറ്റുകൾ സീൽ ചെയ്ത് നൽകിയില്ല

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സിനിമ തിയ്യറ്ററുകളിൽ വിൽപ്പന നടത്തിയ സിനിമാ ടിക്കറ്റുകൾ ഗ്രാമ പഞ്ചായത്തിൽ നിന്നും സീൽ ചെയ്ത് നൽകിയവയല്ല. തിയ്യേറ്റർ ഉടമകൾ നൽകിയ കളക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വിനോദ നികുതി ഈടാക്കിയിട്ടുള്ളത്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെർളശ്ശേരി കുടിവെള്ള പദ്ധതി - അപാകതകൾ – 13715 രൂപ അനുവദിക്കുന്നില്ല

പ്രൊജക്ട് നം - SO153/17 (SO 191/16) (SO143/15)

കരാറുകാരൻ - M. വേലായുധൻ

ബിൽ നം - 1/21.10.16 - 334396 (SCP)

ചെക്ക് നം - 0275322/9.10.15 - 137734

തുക - 334396 + 137734 (motor) = 472130

കരാർ - AE/VKM/111/14-15 dtd 30.3.15 – 8,00,000

സാങ്കേതിക അനുമതി -325 B/14-15 dtd 18.9.15 (Revised Estimate)

പ്രവൃത്തി പൂർത്തീകരണ കാലയളവ് - 180 days

പൂർത്തിയായത്- 27.10.15

പ്രവൃത്തിയിൽ താഴെ പറയുന്ന ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്

| ക്രമ നം | ഇനം | അളവ് | നിരക്ക് | തുക | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|---|---|
| | | എസ്റ്റിമേറ്റ് പ്രകാരം | | | ചെയ്തത് | | |
| 1 | Earth work excavation in hard soil for Trenches | 370.17 m3 | 2710/10 m3 | 100316 | 370.17 m3 | 2710/10 m3 | 100316 |
| 2 | Supplying,Coveying,Laying and fitting PVC pipe 63 mm dia 10 kg/cm2 | 1049.20 m | 140.50/m | 147413 | 1049.20 m | 140.50/m | 147413 |
| 3 | Supplying,Coveying,Laying and fitting PVC pipe 32 mm dia 6 kg/cm2 | 10 m | 53.40/m | 534 | 10 m | 53.40/m | 534 |
| 4 | Supplying,Coveying,Laying and jointing 20mm GI pipe | 34 m | 194.40/m | 6610 | 34 m | 194.40/m | 6610 |
| 5 | Suppling and fixing GM full way valve 32 mm | 4 nos | 835.64/1 nos | 3343 | 4 nos | 835.64/1 nos | 3343 |
| 6 | Fencing | 735 m | 186.60/10 | 13715 | 735 m | 186.60/10 | 13715 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | m | | | m | |
| 7 | Supplying,Coveying,Laying and jointing PVC pipe 90 mm as stand pipe | 25.50 m | 166.35/m | 4242 | 25.50 m | 166.35/m | 4242 |
| 8 | Supplying and fixing street tap | 21 nos | 131.65/1 nos | 2765 | 21 nos | 131.65/1 nos | 2765 |
| 9 | Supplying and fixing Submersible motor pump | 1 | 139734 | 139734 | 1 | 139734 | 139734 |
| 10 | Extra item<br>Demolishing concrete cement mortar | 7.19 m3 | 1301/m3 | 9354 | 7.19 m3 | 1301/m3 | 9354 |
| 11 | CC 1:4:8 (40mm) | 5.42 m3 | 5894/m3 | 31945 | 5.42 m3 | 5894/m3 | 31945 |
| 12 | CC 1:2:4 (20 mm) | 2720 dm3 | 81/10 dm3 | 22032 | 2720 dm3 | 81/10 dm3 | 22032 |
| | | | | 482003 | | | 482003 |
| | | | L.S | 317997 | | | |
| | | | | 8,00,000 | | | |

139734 രൂപയുടെ മോട്ടോർ പമ്പ് സെറ്റ് RAIDCO എടപ്പാളിൽ നിന്നും ക്വട്ടേഷൻ പ്രകാരം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.(14.7.15 ലെ 6(4) ാം നമ്പർ തീരുമാനം). 2.30% ടെണ്ടർ കുറവ് തുകയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്.(482003-139734 = 342269 – 7872 (2.30%) = 334396).

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. ഇനം 6 പ്രകാരമുള്ള Fencing പ്രവൃത്തി സമയത്ത് നടത്തിയിട്ടില്ല എന്ന് ഓഡിറ്റിന്റെ ഭാഗമായി സ്ഥല പരിശോധന നടത്തിയതിലൂടെ പ്രദേശവാസികളിൽ നിന്നും ബോധ്യപ്പെട്ടു. മേൽ ഇനത്തിന് അനുവദിച്ച തുക 13715 രൂപ അനുവദിക്കുന്നില്ല. മാത്രമല്ല 18.9.15 ന് ഫെൻസിംഗും പൈപ്പിടലും നടത്തിയതായാണ് അളവു പുസ്തകപ്രകാരം കാണുന്നത്. പൈപ്പിടുന്ന ദിവസം ഫെൻസിംഗ് ചെയ്യേണ്ട ആവശ്യം ഇല്ല.

2. എസ്റ്റിമേറ്റ് തുകയുടെ 5% ൽ അധികരിക്കാതെ L.S പ്രൊവിഷൻ വയ്ക്കണം എന്നിരിക്കെ L.S പ്രൊവിഷൻ ഇനത്തിൽ 317997 രൂപ വച്ച നടപടി ക്രമപ്രകാരമല്ല. 482003 * 5% = 24100 രൂപ വയ്ക്കേണ്ടതിന് പകരം 317997 രൂപ വച്ചു. പ്രൊജക്ടിന് സാങ്കേതിക അനുമതി നൽകിയത് ക്രമപ്രകാരമല്ല.

3. 1.4.15 ന് തുടങ്ങിയ പ്രവൃത്തി അവസാനിച്ചത് 27.10.15 ന് ആണ്. പ്രവൃത്തി പൂർത്തിയായതിന് ശേഷം തുക അനുവദിച്ചത് 21.10.16 ന് മാത്രം. തുക അനുവദിക്കുന്നതിന് കാലതാമസം നേരിട്ടതായി കാണുന്നു.

ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഫെൻസിംഗ് ചെയ്തതായി പറയുന്നുണ്ടെങ്കിലും പ്രാദേശിക തെളിവുകളുടെ അടിസ്ഥാനത്തിലും അളവ് പുസ്തകപ്രകാരം 18.9.15 ന് ഫെൻസിംഗും പൈപ്പിടലും നടത്തിയതായി രേഖപ്പെടുത്തിയതിനാലും ഈയിനത്തിൽ അനുവദിച്ച തുക അനുവദിക്കുന്നില്ല.

13715/- രൂപ അളവെടുത്ത രാമചന്ദ്രൻ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 നെല്ലിശ്ശേരി റോഡ് ഡ്രൈനേജ് നിർമ്മാണം - ബെഡ് കോൺക്രീറ്റിംഗിന് അധിക കനം

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

| | |
|---|---|
| പ്രവർത്തി | നെല്ലിശ്ശേരി റോഡ് ഡ്രൈനേജ് (SO268/16) |
| എഗ്രിമെന്റ് | 84A/30.10.15 |
| കൺവീനർ | സജി. M.S |
| എം- ബുക്ക് | 120/15-16 |
| ബിൽ | 5/20-3-17 |
| മൂല്ല്യ നിർണ്ണയ തുക | 271954 |

മേൽ പ്രവർത്തിയിൽ 79 mനീളത്തിൽ ഡ്രൈനേജ് നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ 0.80 m വീതിയിൽ 0.60 m ആഴത്തിൽ സാധാരണ മണ്ണ് കിളച്ചെടുത്ത് അതിന് മുകളിൽ അത്രയും വീതിയിൽ ഇനം 2 പ്രകാരം 15 cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് (providing and laying in position cement concrete 4.1.8 )ചെയ്തിട്ടുണ്ട്. കൂടാതെ പ്രവർത്തിയുടെ ഇനം 7 പ്രകാരം 5 cm കനത്തിൽ wearing coat (1:2:4 CC using 20 mm graded metal) ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ 20 cm കനത്തിലാണ് ഡ്രൈനേജിന് വേണ്ടി കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത്. സാധാരണ 0.05m – 0.075 കനത്തിലാണ് ബെഡ് കോൺക്രീറ്റിംഗിന് കനം അനുവദിക്കാറുള്ളത് എന്നിരിക്കെ 15 cm കനം അനുവദിച്ചത് വഴി താഴെ പറയും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. 20 cm കനത്തിൽ ഡ്രൈനേജ് കോൺക്രീറ്റിംഗ് നടത്തേണ്ടതിന്റെ പ്രത്യേക സാഹചര്യം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നില്ല.

| മൂല്യനിർണ്ണയത്തിലനുവദിച്ചത് | അനുവദിക്കാവുന്നത് | അധികം |
|---|---|---|

| | | |
|---|---|---|
| 79x0.80x0.15<br>9.48 m3 x 5093.68/m3 = 48288.08 | 79x0.80x0.075 = 4.74<br>4.74 m3 x 5093.68/m3 = 24144 | 48288.08 - 24144 = 24144 |

പ്രവൃത്തിയിൽ 24144രൂപയുടെ അധിക ചെലവുണ്ടായി കണക്കാക്കുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാകുന്നതു വരെ അധികമായ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-3 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പ്രൊജക്റ്റ്- SO169/17

പദ്ധതി പ്രകാരം 220 ഗുണഭോക്താക്കളുടെ വീടുകളിൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തത്. 10500 രൂപ യൂണിറ്റ് കോസ്റ്റിൽ 7500 രൂപ ഗ്രാമ പഞ്ചായത്തും 3000 രൂപ ഗുണഭോക്താവും (ഗു.വി) വഹിക്കുന്നു.

സാമ്പത്തിക വിശകലനം

| | |
|---|---|
| പ്ളാൻ | 839000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 811000 |
| ഗു.വി | 660000 |
| ആകെ | 23,10,000 |

IRTC, Mundur, Palakkad എന്ന സ്ഥാപനവുമായാണ് പ്രവൃത്തി നടത്തിപ്പിന് കരാർ വച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലേക്കായി 12,70,500 രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതി ഗുണഭോക്താക്കളായി 220 പേർ ഉണ്ടെങ്കിലും 121 പേർ മാത്രമേ കരാർ ചമച്ച് പദ്ധതി ഗുണഭോക്താക്കളായി വന്നിട്ടുള്ളൂ. പദ്ധതിക്ക് വേണ്ടി 2016-17, 2017-18 വർഷങ്ങളിലായി താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്

| 2016-17 | | 2017-18 | |
|---|---|---|---|
| ബിൽ നം / ചെക്ക് നം | തുക | ബിൽ നം / ചെക്ക് നം | തുക |
| 17/31.3.17 | 2,25,000 | 1/25.7.17 | 682500 |
| 0017437/30.3.17(ഗു.വി) | 90,000 | 67948080/21.7.17 | 273000 |

| | | | |
|---|---|---|---|
| ആകെ | 3,15,000 | | 9,55,500 |

പ്രവൃത്തിയുടെ മൊത്തം ചെലവ് = 121 * 10500 = 12,70,500

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. IRTC യുമായി 18.3.17 തിയ്യതിയിൽ ചമച്ച കരാർ പ്രകാരം മൊത്തം അടങ്കൽ തുക പഞ്ചായത്ത് 5 ഗഡുക്കളായി നൽകും. അടങ്കൽ തുകയുടെ 20% സ്ഥാപനത്തിന് മുൻകൂർ ആയി നൽകുകയും ആയതിന്റെ 90% വിനിയോഗിച്ചതായി സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് അടുത്ത ഗഡു IRTC ക്ക് നൽകുകയും ചെയ്യുന്നു. ഒന്നാം ഗഡു കൈപ്പറ്റിയ തിയ്യതി മുതൽ പരമാവധി 2 മാസത്തെ സമയ പരിധിക്കകം സ്ഥാപനം പ്രവൃത്തി മുഴുവനായി പൂർത്തീകരിക്കേണ്ടതുമാണ്.

31.3.17 ന് 3,15,000 രൂപ മുൻകൂർ ഇനത്തിൽ സ്ഥാപനത്തിന് (IRTC) കൈമാറിയിട്ടുണ്ട് (A/c. 35951276401). കരാർ നിബന്ധന പ്രകാരം 27 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന് ശേഷം മാത്രമേ അടുത്ത ഗഡു അനുവദിക്കാവൂ എന്നിരിക്കെ (3,15,000/10500=30*90/100 = 27) 9.6.17 ന് 20 എണ്ണം സ്ഥാപിച്ചതായുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക 9,55,500 രൂപ മുഴുവനായും 17.7.17 ന് സ്ഥാപനത്തിന് അനുവദിച്ചു. 31.7.17 ന് 20 ബയോഗ്യാസ് പ്ലാന്റ് കൂടി ഗുണഭോക്താക്കളുടെ വീടുകളിൽ സ്ഥാപിച്ച് നൽകിയിട്ടുണ്ട്. ഓഡിറ്റ് നടക്കുന്ന സമയത്ത് (14.9.17 ന്) 20 ബയോഗ്യാസ് പ്ലാന്റ് കൂടി IRTC ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിൽ എത്തിച്ചിട്ടുണ്ട്. ആയത് ഗുണഭോക്താക്കളുടെ വീടുകളിൽ സ്ഥാപിച്ച് നൽകിയിട്ടില്ല. 101 ഗുണഭോക്താക്കളുടെ വീടുകളിൽ സ്ഥാപിച്ച് നൽകാൻ ബാക്കിയിരിക്കെ IRTC ക്ക് പദ്ധതി പ്രകാരമുള്ള മുഴുവൻ തുകയും (121*10500 = 12,70,500) അനുവദിച്ച് നൽകിയ നിർവഹണ ഉദ്യോഗസ്ഥന്റെ നടപടി ക്രമത്തിലല്ല.

2. ഒന്നാം ഗഡു കൈപ്പറ്റിയ തിയ്യതി മുതൽ പരമാവധി 2 മാസത്തെ സമയ പരിധിക്കകം സ്ഥാപനം പ്രവൃത്തി മുഴുവനായി പൂർത്തീകരിക്കേണ്ടതാണെന്ന് കരാറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. 31.5.17 പൂർത്തീകരിക്കേണ്ട പ്രവൃത്തി ഓഡിറ്റ് കാലയളവിലും പൂർത്തീകരിച്ചിട്ടില്ല.

101 ഗുണഭോക്താക്കളുടെ വീടുകളിൽ കൂടി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കാത്ത പക്ഷം ചെലവ് തുക IRTC യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. സ്ഥാപിക്കാത്ത ബയോഗ്യാസ് പ്ലാന്റിന് അനുവദിച്ച തുക 1060500 (101*10500) രൂപ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഇതിൻമേൽ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-4 വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

വി.ഇ.ഒ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതി പരിശോധിച്ചതിൽ ചില അപാകതകൾകാണുന്നു. വിശദ വിവരം ചുവടെ

| പ്രോജക്ട് | ചെലവഴിച്ചതുക | ബിൽനമ്പർ | അഭിപ്രായം |
|---|---|---|---|
| ഭവനപുനരുദ്ധാരണം (ജനറൽ) (SO21/17) | 2,80,000<br>8,80,000<br>7,00,000 | 6/25.2.17<br>12/20.3.17<br>19/30.3.17 | ജി.ഒ എം.എസ്4/2016ത.സ്വ.ഭ.വ.<br>തിയതി 11-1-2016 ഉത്തരവ് പ്രകാരം വിട് പുനരുദ്ധാരണത്തിന് ആനുകല്യം അനുവദിക്കുമ്പോൾ പുതിയ വീട് നിർമ്മാണം പൂർത്തീകരിച്ച് 12 വർഷം കഴിഞ്ഞ് |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപണികൾ അനിവാര്യമായിരിക്കുന്നവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളു നിർദേശിക്കുന്നു.എന്നാൽ അസസ് മെന്റ് രജിസ്റ്റർ പരിശോധിച്ച് ഇപ്രകാരം സാക്ഷ്യപ്പെടുത്താതെയാണ് 93 ഗുണഭോക്താക്കൾക്ക് 20,000 രൂപ വച്ച് അനുവദിച്ചിട്ടുള്ളത്. |

സെക്രട്ടറിയിൽ നിന്നും കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കുന്നവർക്ക് മാത്രം ഈ ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പദ്ധതി ചെലവുകൾ - അവലോകനം

2106-17 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 1,12,82,200 രൂപയുടെ അടങ്കലിൽ 10 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി അടങ്കലിന്റെ 61% തൻവർഷം ചെലവഴിച്ചിട്ടുണ്ട്. നിർവഹണ കാലഘട്ടമായ ഡിസംബർ - മാർച്ച് വരെയുള്ള ചുരുങ്ങിയ കാലയളവിനുള്ളിൽ 68,90,200 രൂപയുടെ പദ്ധതി ചെലവ് നിർവഹണം വളരെ നല്ല രീതിയിൽ നടത്തിയ നിർവഹണ ഉദ്യോഗസ്ഥൻ അഭിനന്ദനം അർഹിക്കുന്നു. രജിസ്റ്ററുകളും ഫയലുകളും (ഗുണഭോക്തൃ ലിസ്റ്റ് ഉൾപ്പെടെ) വളരെ നല്ല രീതിയൽ കൈകാര്യം ചെയ്യുന്നതിന് സൂക്ഷ്മത പുലർത്തിയിട്ടുണ്ട്. ക്രമ നം 2, 6 എന്നീ പദ്ധതികളിൽ വന്ന നിർവഹണ പാളിച്ചകൾ ഒഴികെ മറ്റ് പദ്ധതികൾ വളരെ നല്ല രീതിയിൽ നിർവഹണം നടത്തിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങളും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രോജക്റ്റ് ന മ്പർ | അടങ്കൽ തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | കക്കൂസ് നിർമ്മാണം (ജനറൽ) | 1 | 462000 | 30 | 462000 | 30 |
| 2 | വീട് പുനരുദ്ധാരണം (ജനറൽ) | 21 | 2000000 | 100 | 1860000 | 93 |
| 3 | വീട് നിർമ്മാണം (ജനറൽ) | 22 | 4000000 | 20 | 2340000 | 20 |
| 4 | കിണർ നിർമ്മാണം | 24 | 340000 | 20 | 255000 | 15 |
| 5 | കിണർ പുനരുദ്ധാരണം | 25 | 200000 | 40 | 90000 | 18 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഗാർഹിക ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കൽ | 169 | 2310000 | 121 | 315000 | - |
| 7 | കിണർ പുനരുദ്ധാരണം (സ്പിൽ ഓവർ) | 194 | 195000 | 39 | 30000 | 6 |
| 8 | കക്കൂസ് നിർമ്മാണം (സ്പിൽ ഓവർ) | 195 | 695200 | 50 | 618200 | 45 |
| 9 | ഭവന നിർമ്മാണം (സ്പിൽ ഓവർ) | 196 | 300000 | 3 | 140000 | 2 |
| 10 | വീട് നിർമ്മാണം (ബഹു വർഷം) | 197 | 780000 | 6 | 780000 | 6 |
| | | | | | 6890200 | |

## 3-6 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവർത്തികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത വ്യക്തിയിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയില്ല

സാധനഘടകം (മെറ്റീരിയൽ പ്രവർത്തികൾ) വരുന്ന പ്രവൃത്തികൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളായ കിണർ ആൾമറ കെട്ടൽ, മണ്ണിര കമ്പോസ്റ്റ് ടാങ്ക് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി ശ്രീ. സുരേഷ് കുമാർ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് കരാറിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽ പർച്ചേസ് നടത്തിയിട്ടുണ്ടെങ്കിലും ടിയാനിൽ നിന്നും നിയമാനുസൃത നികുതികളായ ആദായ നികുതി (1%) (Income Tax Act Sec 194 (C), മൂല്യ വർദ്ധിത നികുതി എന്നിവ ഈടാക്കിയില്ല

| ഇനം | കിണർ ആൾമറ കെട്ടൽ | മണ്ണിര കമ്പോസ്റ്റ് ടാങ്ക് നിർമ്മാണം |
|---|---|---|
| Tender Amount | 4,86,520 | 4,79,180 |

ഓഡിറ്റ് തിയതി വരെ ചെയ്ത പ്രവൃത്തികൾ

| വർഷം | ഇനം | ഗുണഭോക്താവ് | മെറ്റീരിയൽ തുക | അനുവദിച്ച തുക |
|---|---|---|---|---|
| 2016-17 | കിണർ ആൾമറ കെട്ടൽ | സോമനാഥൻ | 30334 | 30334 |
| 2017-18 | കിണർ ആൾമറ കെട്ടൽ | സജ്മ | 23238 | 135203 |
| | | ശ്രീജ | 23268 | |
| | | ചന്ദ്രിക | 6307 | |
| | | ശ്രീജേഷ് | 27458 | |
| | | ശാന്ത | 27458 | |

| | | | | |
|---|---|---|---|---|
| | | തങ്കച്ചൻ | 27474 | |
| 2016-17 | മണ്ണിര കമ്പോസ്റ്റ് ടാങ്ക് നിർമ്മാണം | സീനത്ത് | 7372 | 29488 |
| | | ചന്ദ്രൻ | 7372 | |
| | | ശ്രീജ | 7372 | |
| | | റസാക്ക് | 7372 | |
| 2017-18 | | റിജു | 6255 | 12510 |
| | | മൊയ്തുണ്ണി | 6255 | |
| | ആകെ | | | 207535 |

2016-17 വർഷത്തിൽ 59822 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.(FTO No.554232/27.3.17, 538450/22.3.17, 537985/22.3.17, 553420/27.3.17, 538624/22.3.17) . 2017-18 വർഷത്തിൽ 147713 രൂപയും അനുവദിച്ചിട്ടുണ്ട്. (59822+147713 = 207535)

2016-17 വർഷത്തിൽ അനുവദിച്ച തുകയിൽ നിന്നും ആദായ നികുതിയിനത്തിൽ (1%)598 രൂപയും (Income Tax Act Sec 194 (C), മൂല്യ വർദ്ധിത നികുതിയിനത്തിൽ (4%) 2393 രൂപയും ഈടാക്കേണ്ടതുണ്ട്. എന്നാൽ നിയമാനുസൃത നികുതികൾ ഈടാക്കിയില്ല . തുടർ പേമെന്റുകളിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കി അതാതത് വകുപ്പുകളിലേക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയുടെ ഭാഗമായി മൂല്യ വർദ്ധിത നികുതിയിനത്തിലുള്ള (4%) 2393 രൂപ 117010105353/23.9.17 രസീത് പ്രകാരം തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുക വാണിജ്യ വകുപ്പിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 തൊഴിലുറപ്പ് പദ്ധതി അവലോകനം

തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ - 594

തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ - 251

ആകെ അടങ്കൽ - 4,71,19,000

തൻവർഷത്തെ വരവ് - 1,46,91,159

തൻവർഷത്തെ ചെലവ് - 1,46,75,499

| | |
|---|---|
| തൊഴിൽ കാർഡ് ലഭിച്ചവരുടെ എണ്ണം | 3117 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1122 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 141 |

2016 -17 വർഷത്തിൽ തൊഴിലിനായി രജിസ്റ്റർ ചെയതിട്ടുള്ളത് 287പേരാണ്. ഗ്രമ പഞ്ചായത്തിൽ മൊത്തം 3117 പേർ തൊഴിലിനായി രജിസ്റ്റർ ചെയതിട്ടുണ്ട്. ആയതിൽ 3117കുടുംബത്തിനും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷത്തിൽ സാധാരണ പ്രവൃത്തികൾക്ക് പുറമെ കിണറിന് ആൾമറ കെട്ടൽ, മണ്ണിര

കമ്പോസ്റ്റ് ടാങ്ക് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. 2016-17 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാതകൾ ചെയ്തിട്ടില്ല. കൂടാതെ വീടുകൾ താഴെ പറയും പ്രകാരം ചെയതിട്ടുണ്ട്.

| | | |
|---|---|---|
| Plan | 17 | 117680 |
| IAY | 73 | 796560 |
| SC | 5 | 33520 |

ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നല്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.ദേശിയ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറായ ഓരോ കുടുംബത്തിനും ഒരു സാമ്പത്തീക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ തൊഴിൽ നൽകേണ്ടതാണ്.ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് സാധ്യമായിട്ടില്ല.

## 3-8 ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയ്ക്ക് ഇ ടെണ്ടർ ആണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ വരവ് വക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രവൃത്തി | ടെണ്ടർ സമർപ്പിച്ചത് | ടെണ്ടർ ഫോമിന്റെ വില |
|---|---|---|
| വട്ടംകുളം - ചോലക്കുന്ന് റോഡ് metalling,Tarring proj – SOO90/17 (7,30,000) | K.A. റഫീക്ക് | 1460 |
| | മുഹമ്മദ് ഇക്ബാൽ.A | 1460 |
| ആകെ | | 2920 |

(ഓഡിറ്റ് അന്വേഷണം 9/16.9.17 നമ്പർ പ്രകാരം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല)

## 3-9 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയതിൽ കുറവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 71 മരാമത്ത് പ്രവൃത്തികളുടെ മൊത്തം ചെലവ് 1,09,46059 രൂപയാണ്. പ്രവൃത്തികളുടെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ അടവാക്കിയ തുകകളുടെ വിവരം താഴെ പറയുന്നു.

| ഡി.ഡി നം | തുക |
|---|---|
| 828480 / 22.5.17 | 4193 |
| 828479 / 22.5.17 | 46894 |

| | |
|---|---|
| 828430 / 22.5.17 | 48807.08 |
| 372134 / 7.3.17 | 6985 |
| ആകെ | 106879.08 |

തൊഴിലാളി ക്ഷേമനിധിയായി വിഹിതമിനത്തിൽ അടവാക്കേണ്ട തുക – 109460.59

അടവാക്കിയത് - 106879.08

കുറവ് - 2581.51

തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - ഒരു വിശകലനം

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 144 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 73 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. 71 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ 96 % വും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. അംഗീകാരം വാങ്ങിയ പദ്ധതികളിൽ പദ്ധതികളിൽ 50.6%നടപ്പിലാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 57.27%ശതമാനവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 28.33 ചെലവ് മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17-ൽ ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 1ഓവർസിയറും (താൽകാലികം) 1 ഓഫീസ് അസിസ്റ്റൻഡും അടക്കം ആകെ 3ജീവനക്കാരാണ് ഉള്ളത്. മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാത്തത് പഞ്ചായത്തിന്റെ പദ്ധതി പണം ലാപ്സാവുന്നതിന് ഇടയാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. അംഗീകാരം കിട്ടിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭരണസമിതിയുടെഭാഗത്തുനിന്നും കൂടുതൽ ശ്രദ്ധപതിയേണ്ടതുണ്ട്.

,ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | | അസിസ്റ്റന്റ് എഞ്ചിനീയർ | | ശതമാനം |
|---|---|---|---|---|
| ആകെ അടങ്കൽ | 92318086 | ആകെ അടങ്കൽ | 52871957 | 57.27 |
| ചെലവ് | 38629090 | ചെലവ് | 10946059 | 28.33 |
| ശതമാനം | 41.84 | ശതമാനം | 20.70 | |

## **3-11** അനുവദിച്ച തുകക്കുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല - **247489/-** രൂപ തടസ്സം ചെയ്യുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിൽ മരുന്നിന് വിതരണം ചെയ്യുന്നതിനായി മുൻകൂർ തുക നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും അനുവദിച്ച തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | ബിൽ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| S0026/17<br>ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 01/16-17/14.2.2017 | 500000 | 134017 രൂപയുടെ മരുന്നുകൾ ഔഷധി, തൃശ്ശൂരിൽ നിന്നും ലഭ്യമായിട്ടില്ല. |
| S0029/17<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 02/16-17 /14.2.2017 | 300000 | 113472 രൂപയുടെ മരുന്നുകൾ HOMCO ആലപ്പുഴയിൽ നിന്നും ലഭ്യമായിട്ടില്ല. |

247489/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നത് വരെ 247489/- രൂപ തടസ്സം ചെയ്യുന്നു.

## **3-12** ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം സൂക്ഷിക്കേണ്ട 24/19-08-17നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ലഭ്യമാകുമ്പോൾ അവ കാലാകാലങ്ങളിൽ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. റജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നതിന്റെ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ഭിന്നശേഷിക്കാരായ

വ്യക്തികൾക്കുള്ള കേന്ദ്ര/ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഭിന്നശേഷിക്കാരായ വ്യക്തികളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്ന രീതിയിലുള്ള സർവേകളോ/ ക്യാമ്പുകളോ ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കേണ്ടതും അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്തു ഉപയോഗിക്കേണ്ടതാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം രജിസ്റ്റർ തയ്യാറാക്കിയശേഷം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നിശ്ചിത ഫോറത്തിന്റെ മാതൃക ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ 20/17ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ പരിശോധനയ്ക്കായി പ്രസ്തുത രജിസ്റ്റർ ലഭ്യമായിട്ടില്ല.

സർക്കാർ നിർദ്ദേശപ്രകാരമുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങളെ അടിസ്ഥാനമാക്കി പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ആശ്രയ പദ്ധതി കാര്യക്ഷമമല്ല - പദ്ധതി നിശ്ചലാവസ്ഥയിൽ

സമൂഹത്തിലെ നിരാശ്രരായ അഗതികുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആശ്രയ. വട്ടംകുളം ഗ്രാമ പഞ്ചായത്ത് 2012 മുതൽ 2015 വരെയുള്ള കാലയളവിലാണ് ആശ്രയ പദ്ധതി (ഒന്നാം ഘട്ടം) നടപ്പിലാക്കിയിട്ടുള്ളത്. അംഗീകാരം നേടിയ ഒന്നാം ഘട്ട പദ്ധതിയിൽ 122 കുടുംബങ്ങളെ ഉൾപ്പടുത്തിയിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി പ്ളാൻ ഫണ്ടിൽ നിന്നും 7675000രൂപയും ചലഞ്ച് ഫണ്ടിൽ നിന്നും 1590427രൂപയും മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആകെ 9265427 രൂപ ലഭ്യമായിട്ടുണ്ട്. 18515427 രൂപ അടങ്കലുള്ള പദ്ധതിക്ക് ഇതുവരെ 7240293 രൂപ ചെലവായിട്ടുണ്ട്. PNB എടപ്പാൾ ശാഖയിലെഅക്കൗണ്ട് പ്രകാരം(A/c No. 4268000100081226) 26,36,755 രൂപ പലിശയുൾപ്പെടെ ബാലൻസ് കിടപ്പുണ്ട്.

പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണവും പദ്ധതിയിലൂടെ ആനുകൂല്യം ലഭിച്ചവരുടെ എണ്ണവും താഴെ പറയുന്നു.

| ഇനം | എണ്ണം | ഗുണം ലഭിച്ചവരുടെ എണ്ണം (വിവിധ പദ്ധതികളിലൂടെ) | ചെലവഴിച്ച തുക |
|---|---|---|---|
| പ്രൊജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 46 | 20 | 4710000 |
| സ്ഥലം ആവശ്യമുള്ളവർ | 21 | 6 | 900000 |
| കക്കൂസ് ആവശ്യമുള്ളവർ | 33 | 4 | 32000 |

| | | | |
|---|---|---|---|
| കുടിവെള്ളം ആവശ്യമുള്ളവർ | 94 | - | ------ |
| ചികിൽസ | 110 | -- | ------ |
| വിദ്യാഭ്യാസം | 32 | 27 | 42478 |
| സ്വയം തൊഴിൽ | 17 | -- | ------ |
| ഭക്ഷണം | 114 | 114 | 1280872 |

ഒന്നാം ഘട്ടത്തിൽ സ്വയം തൊഴിൽ, ചികിൽസ, കുടിവെള്ളം എന്നീ ഇനങ്ങൾക്ക് വേണ്ടി ധാരാളം ഗുണഭോക്താക്കൾ ഉണ്ടായിട്ടുണ്ടെങ്കിലും 26,36,755 രൂപ ചെലവഴിക്കാൻ ബാക്കിയിരിക്കെ ഈയിനത്തിൽ യാതൊരു ചെലവും നടത്തുന്നതിന് ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ആശ്രയ പ്രൊജക്ട് റീവിസിറ്റ് ചെയ്ത് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് ഭരണ സമിതി തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

2016 മുതൽ 2019 വരെയുള്ള കാലയളവിലേക്കായി രണ്ടാം ഘട്ട പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. അംഗീകാരം നേടിയ രണ്ടാം ഘട്ട പദ്ധതിയിൽ 69 കുടുംബങ്ങളെ ഉൾപ്പടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിലെ മിക്ക ഇനങ്ങൾക്കും രണ്ടാം ഘട്ടത്തിലും ഗുണഭോക്താക്കളുണ്ട്. പദ്ധതിക്ക് വേണ്ടി പ്ളാൻ ഫണ്ടിൽ നിന്നും 16,00,000 രൂപ രണ്ട് തവണയായി (3,00,000 + 13,00,000) ലഭ്യമായിട്ടുണ്ട്. ചലഞ്ച് ഫണ്ടിൽ നിന്നും വിഹിതം ലഭ്യമായിട്ടില്ല. 8694753 രൂപ അടങ്കലുള്ള പദ്ധതിക്ക് പദ്ധതി തുടങ്ങി 18 മാസമായിട്ടും യാതൊരു ചെലവും നടത്തിയിട്ടില്ല. PNB എടപ്പാൾ ശാഖയിലെ അക്കൗണ്ട് പ്രകാരം (A/c No. 4268000100094549) 16,05,429 രൂപ പലിശയുൾപ്പെടെ ബാലൻസ് അവശേഷിക്കുന്നു. പദ്ധതി കാലയളവ് അവസാനിക്കാൻ വെറും 18 മാസം മാത്രം ബാക്കിയിരിക്കെ ആശ്രയ പദ്ധതി നിലവിൽ നിശ്ചലമായ അവസ്ഥയിലാണ്.

അർഹരായ എല്ലാവരും പദ്ധതിയിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കി കാര്യക്ഷമമായും ഫലപ്രദമായും പദ്ധതി നടപ്പാക്കാൻ ഭരണസമിതിയും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് നടപ്പാക്കുന്ന മറ്റ് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരെ പരിഗണിക്കേണ്ടതാണ്. പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ആശ്രയ പദ്ധതിയുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-14 LIC അധികം അടവാക്കിയത്

ജീവനക്കാരുടെ 3/16 മുതൽ 7/16 (5മാസം) LIC അടവാക്കിയതിൽ തുക അധികം അടവാക്കിയതായി കാണുന്നു. (വൗച്ചർ നം.21600469/26.8.16 തുക 22614)

| ക്രമ നം | പേര് | പോളിസി നം. | തുക അടവാക്കേണ്ടത് | അടവാക്കിയത് | അധികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പ്രേമ കുമാരി | 795377641 | 1021x5=5105 | 6126 | 1021 |
| 2 | ശ്യാമള.എം.പി | 772085217 | 276x5=1380 | 1656 | 276 |
| 3 | ഹരിദാസൻ പി.എസ് | 772047038 | 277x5=1385 | 1662 | 277 |
| 4 | ഷൈജു.ടി.വി | 77184670 | 227x5=1135 | 1362 | 227 |
| 5 | ഷൈജു.ടി.വി | 772049016 | 101x5=505 | 606 | 101 |
| 6 | ഷൈജു.ടി.വി | 771823470 | 495x5=2475 | 2970 | 495 |
| 7 | ഷൈജു.ടി.വി | 772175762 | 255x5=1275 | 1530 | 255 |
| 8 | ഷൈജു.ടി.വി | 772214757 | 585x5=2925 | 3510 | 585 |
| 9 | ഷൈജു.ടി.വി | 78693898 | 532x5=2660 | 3192 | 532 |
| | ആകെ | | 18845 | 22614 | 3769 |

അധികം തുക അടവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 16.തി.22.9.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-15 വൗച്ചറുകൾ ഹാജരാക്കിയില്ല- തുക തടസ്സം ചെയ്യുന്നു

2016-17 ,ലെ സെക്രട്ടറി നിർവ്വഹണം നടത്തിയ ചെലവുകൾക്കാധാരമായ മുഴുവൻ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കാത്ത വൗച്ചറുകളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.(ബിൽ രജിസ്റ്റർ/ ബിൽബുക്ക് എന്നിവ അനുസരിച്ചുള്ള വിവരങ്ങളാണ് കൊടുത്തിട്ടുള്ളത്)

| ക്രമ നം | വൗച്ചർ നം./ബിൽ നം തിയ്യതി | തുക | ബില്ലിന്റെ വിവരം |
|---|---|---|---|
| 1 | 5160038/18.4.16 | 2485 | GLPS മുളൂർ 4/15-2/16 കറന്റ് ചാർജ്ജ് |
| 2 | 5160039/18.4.16 | 2707 | ഓഫീസ് കണ്ടിൻജന്റ് ചെലവ് |
| 3 | 5160040/18.4.16 | 80801 | സ്ട്രീറ്റ് ലൈറ്റ് കറൻറ് ചാർജ്ജ് |

| | | | |
|---|---|---|---|
| 4 | 5160041/18.4.16 | 5443 | ഓഫീസ് കറന്റ് ചാർജ്ജ് |
| 5 | 5160043/18.4.16 | 19327 | ഓഫീസ് ടെലഫോൺ ചാർജ്ജ് |
| 6 | 5160044/18.4.16 | 513 | CUG ഫോൺ ചാർജ്ജ് |
| 7 | 5160046/18.4.16 | 2476 | NREGS ഫോൺ ചാർജ്ജ് |
| 8 | 5160065/30.4.16 | 5666 | ഹൈമാസ്റ്റ് ലൈറ്റ് ചാർജ്ജ് |
| 9 | 5160090/3.5.16 | 4180 | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് നൽകിയത് |
| 10 | 51600170/21.6.16 | 11350 | ജീപ്പിന് ടയർ വാങ്ങുന്നതിന് |
| 11 | 51600174/29.6.16 | 87000 | എടപ്പാൾ സിഗ്നൽ ലൈറ്റ് മെയിന്റനൻസ് |
| 12 | 51600211/11.7.16 | 4074 | ഫോട്ടോ കോപ്പി എടുത്ത ചെലവ് |
| 13 | 51600212/11.7.16 | 2340 | എടപ്പാൾ ടൗൺ ശുചീകരണ ചെലവ് |
| 14 | 51600213/11.7.16 | 4356 | ,, |
| 15 | 51600214/11.7.16 | 3400 | പേപ്പറിന്റെ വില |
| 16 | 51600215/11.7.16 | 2017 | ശ്രീദേവി OA 6/16 NPS അടവ് |

| | | | |
|---|---|---|---|
| 17 | 51600216/11.7.16 | 2017 | ശ്രീദേവി OA 6/16 NPS അടവ്(ജീവനക്കാരിയുടെ വിഹിതം) |
| 18 | 51600218-51600222/11.7.16 | 11820 | പ്രസിഡന്റ് മെമ്പർമാർ എന്നിവരുടെ യാത്രാബത്ത |
| 19 | 51600481/26.8.16 | 28398 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് |
| 20 | 51600534/8.9.16 | 410443 | മുൻ സെക്രട്ടറി പി.കെ ഹരിദാസിന്റെ ടെർമിനൽ സറണ്ടർ |
| 21 | 51600770/17.2.17 | 4848 | P.V ബാബുരാജന്റെ LIC തുക അടവാക്കിയത് |
| 22 | ട്രഷറി ബിൽ നം.4/16-17 തി.29.3.17 | 30000 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം |
| 23 | ട്രഷറി ബിൽ നം.8/16-17 തി.31.3.17 | 7845 | TSP വിഹിതം അടവാക്കൽ( പ്രൊജക്ട് നം.107/17) |
| 24 | ട്രഷറി ബിൽ നം.9/16-17 തി.31.3.17 | 100000 | PMAY വിഹിതം (SC)അടവാക്കൽ( പ്രൊജക്ട് നം.13/17) |
| 25 | ട്രഷറി ബിൽ നം.10/16-17 തി.31.3.17 | 57500 | IAY 15-16(SC) അധിക തുക അടവാക്കൽ( പ്രൊജക്ട് നം.207/17) |

| | | | |
|---|---|---|---|
| 26 | ട്രഷറി ബിൽ നം.11/16-17 തി.31.3.17 | 320000 | PMAY വിഹിതം (ജനറൽ)അടവാക്കൽ( പ്രൊജക്ട് നം.12/17) |
| 27 | ട്രഷറി ബിൽ നം.12/16-17 തി.31.3.17 | 200000 | പ്ളാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം തുക നൽകിയത്( പ്രൊജക്ട് നം.203/17) |
| 28 | ട്രഷറി ബിൽ നം.13/16-17 തി.31.3.17 | 59935 | IKM വിഹിതം അടവാക്കൽ( പ്രൊജക്ട് നം.14/17) |
| 29 | ട്രഷറി ബിൽ നം.14/16-17 തി.31.3.17 | 278000 | കേരള സാമൂഹ്യ സുരക്ഷാമിഷന് തുക നൽകൽ( പ്രൊജക്ട് നം.168/17) |
| 30 | ട്രഷറി ബിൽ നം.15/16-17 തി.31.3.17 | 120000 | ഉത്പാദന ബോണസ്സ് |
| 31 | ട്രഷറി ബിൽ നം.28/16-17 തി.31.3.17 | 110000 | പൈപ്പ് ലൈൻ നീട്ടൽ( പ്രൊജക്ട് നം.208/17) |

ആകെ 19,78,941

വൗച്ചറുകൾ 22.9.16 നകം ഹാജരാക്കേണ്ടതാണ്. എന്ന്കാണിച്ച് ഓഡിറ്റ് എൻക്വയറി നം.11തി.20.9.17 നൽകിയെങ്കിലും വൗച്ചറുകൾ ഹാജരാക്കിയില്ല.ചെലവു തുക 19,78,941 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-16** ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | ബിൽ നം/തിയ്യതി | തുക | ബില്ലിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 5160036/13.4.16 | 11720 | വാഹനത്തിന്റെ മോട്ടോർ ഇൻഷ്വറൻസ് പ്രീമിയം അടവാക്കിയത് | രസീത് ഇല്ല |
| 2 | 5160064/30.4.16 | 7646 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രസീത് വാങ്ങാൻചെലവഴിച്ചത് | രസീത് ഇല്ല |
| 3 | 51600100/11.5.16 | 22500 | ശ്രീ രാജൻ ക്ളാർക്കിന്റെ ശമ്പള റിക്കവറി KSFE നിലമ്പൂരിൽ അടവാക്കുന്നതിന് | രസീത് ഇല്ല |
| 4 | 51600146/9.6.16 | 5531 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് ചാർജ്ജ് KSEB എടപ്പാൾ | രസീത് ഇല്ല |
| 5 | 51600161/20.6.16 | 4000 | ജിഷ.ഇ.ജി സീനിയർ ക്ളാർക്കിന്റെ ശമ്പള റിക്കവറി(ഓണം അഡ്വാൻസ്) നാട്ടിക ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്നതിന് | രസീത് ഇല്ല |

| | | | | |
|---|---|---|---|---|
| 6 | 51600162/20.6.16 | 2000 | ഷാജു.ടി.വി സീനിയർ ക്ളാർക്കിന്റെ ശമ്പള റിക്കവറി(ഓണം അഡ്വാൻസ്) ചേലക്കര ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്നതിന് | രസീത് ഇല്ല |
| 7 | 51600163/20.6.16 | 3000 | സൈലാബ്ദാദീൻ സീനിയർ ക്ളാർക്കിന്റെ ശമ്പള റിക്കവറി kകണ്ണാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ അടവാക്കുന്നതിന് | രസീത് ഇല്ല |
| 8 | 51600164/20.6.16 | 4000 | ശ്രീ രാജൻ ക്ളാർക്കിന്റെ ശമ്പള റിക്കവറി KSFE നിലമ്പൂരിൽ അടവാക്കുന്നതിന് | രസീത് ഇല്ല |
| 9 | 51600454/17.8.16 | 2017 | ശ്രീദേവി OA 6/16 NPS അടവ്(ജീവനക്കാരിയുടെ വിഹിതം) | ചലാൻ ഇല്ല |
| 10 | 51600454/17.8.16 | 2017 | ശ്രീദേവി OA 6/16 NPS അടവ്പഞ്ചായത്ത് വിഹിതം) | „ |
| 11 | 51600478/25.8.16 | 28323 | ജീപ്പിന്റെ ഡീസൽ ചാർജ്ജ് ഗോവിന്ദ ഏജൻസീസിന് നൽകിയത് | ആകെ നൽകിയ 31256 രൂപയിൽ 2933 രൂപയുടെ വൗച്ചർ ആണ് ഉള്ളത് |

| | | | | |
|---|---|---|---|---|
| | | | | |
| 12 | 51600672/16.12.16 | 763 | GJB സ്കൂളിന്റെ കറന്റ്/'ടെലഫോൺ ബില്ല് | ആകെ നൽകിയ 9795 രൂപയിൽ 763രൂപയുടെ ടെലഫോൺ ബില്ല് ഇല്ല |
| 13 | 51600815/14.3.17 | 53394 | ശ്രീദേവി OA 3/14- 8/15 NPS അടവ് | ചലാൻ ഇല്ല |
| 14 | 51600832/25.3.17 | 9897 | മാണൂർ പോസ്റ്റ് ഷിഫ്റ്റിംഗ് കണ്ടനകം KSEB യിൽ അടവാക്കിയത് | രസീത് ഇല്ല |
| | ആകെ | 156808 | | |

ചെലവ് രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.12 തി.20.9.17 നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.ചെലവു തുക156808 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-17 LIC വിഹിതം അടവ് വിവരം ലഭ്യമാക്കിയില്ല.

ബിൽ നം. 5160029/7.4.16 പ്രകാരം 9/13 മുതൽ ജീവനക്കാരിൽ നിന്നുംഈടാക്കിയ LIC അടവാക്കുന്നതിനായി 70775പിൻവലിച്ചിട്ടുണ്ട്(ചെക്ക് നം.9215/7.4.16).തുക ജീവനക്കാർക്ക് തിരിച്ച് നൽകുന്നതിനാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ തുക ജീവനക്കാർ കൈപ്പറ്റിയതിന്റെയോ LIC യിൽ അടവാക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.9/13 മുതൽ പിടിച്ച് തുക അതാത് സമയത്ത് അടവാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതും തുക ജീവനക്കാർ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 13.തി.22.9.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ചെലവു തുക ഓഡിറ്റിൽ തചസ്സം ചെയ്യുന്നു

## 3-18 തെരുവ് വിളക്ക് റിപ്പയർ -രേഖകൾ ഹാജരാക്കിയില്ല.

2016-17 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയർ എന്ന പദ്ധതി ക്കായി 250000 രൂപ(ട്രഷറി ബിൽ നം.7/തി.31.3.17 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന

അപാകതകൾ കാണുന്നു.

പ്രൊജക്റ്റ് നം. SO32/17അടങ്കൽ -250000

കരാറുകാരൻ - അബ്ദുറഹിമാൻ (A.K ഇലക്ട്രിക്കൽസ്)

അപാകതകൾ

1. തെരുവ് വിളക്കുകളുടെ എണ്ണം,ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തന്നെ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ എത്ര എണ്ണം ആണ് റിപ്പയർ ചെയ്യേണ്ടത് എന്നോ പഠനം നടത്താതെയാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാണ്.

2 എത്ര എണ്ണം എവിടെയൊക്കെ റിപ്പയർ നടത്തിയതിന് ഗ്രാമ പഞ്ചായത്തിലെ മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ല.

രജിസ്റ്റർ ,മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.19/22.9.17 നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-19 ഓണം അഡ്വാൻസ് തിരിച്ചടവ് വിവരം ലഭ്യമാക്കേണ്ടതാണ്.

ശ്രീ സൈലാബ്ദ്ദീൻ ക്ളാർക്ക് ഓണം അഡ്വാൻസായി 15000 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 9000 രൂപ (12/16,1/17,2/17 മാസങ്ങളിൽ) തിരിച്ച് പിടിച്ചിട്ടില്ല. അഡ്വാൻസ് തിരിച്ച് പിടിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 16.തി.22.9.17 നൽകിയതിന് ട്രാൻസ്ഫർ ആയിപ്പോയ ഗ്രാമപഞ്ചായത്തിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അഡ്വാൻസ് തിരിച്ചടവാക്കിയ വിവരം അറിയിക്കേണ്ട്താണ്.

## 3-20 SC കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ രേഖകൾ ഹാജരാക്കിയില്ല.

2016-17 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ SC കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽഎന്ന പദ്ധതി ക്കായി ( പ്രൊജക്റ്റ് നം. 149/17)589000 രൂപ(ട്രഷറി ബിൽ നം.30/തി.31.3.17 ചെലവഴിച്ചിട്ടുണ്ട്.പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ സ്വീകരിച്ച സിയാ ലൈറ്റിംഗ് സൊലൂഷൻ പെരിങ്ങനം എന്നസ്ഥാപനവുമായി എഗ്രിമന്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിൽ സ്ഥാപനം ഒപ്പ് വെച്ചിട്ടില്ല.

2. ബില്ല്,സ്ഥാപനത്തിന്റെ കൈപ്പറ്റ് ,വാരണ്ടി സംബന്ധിച്ച രേഖകൾ എന്നിവ ഫയലിൽ ഇല്ല

മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും സ്ഥാപനവുമായി എഗ്രിമെന്റ് വെക്കാത്തിന് മറുപടി ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.31/25.9.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-21 കാഴ്ച വൈകല്യമുള്ളവർക്ക് ലാപ് ടോപ് നൽകൽ -അപാകത

2016-17 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ കാഴ്ച വൈകല്യമുള്ളവർക്ക് ലാപ് ടോപ് നൽകൽ എന്ന

പദ്ധതി ക്കായി ( പ്രൊജക്ട് നം. 30/17)187500 രൂപ(ട്രഷറി ബിൽ നം.2/തി.28.10.16) ചെലവഴിച്ചിട്ടുണ്ട്.പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ഇല്ല.

2. 5 പേർക്ക് വേണ്ടിയാണ് ലാപ് ടോപ്പുകൾ വാങ്ങിയിട്ടുള്ളത് എങ്കിലും ഒരാളുടെയും അപേക്ഷ ,മെഡിക്കൽ സർട്ടിഫിക്കറ്റ്,എഗ്രിമെന്റ്,കൈപ്പറ്റ് എന്നിവ ഇല്ല.

മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.32/25.9.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-22 ജീവനക്കാരുടെ ശമ്പള റിക്കവറികൾ,പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ യഥാസമയം അടവാക്കാത്തത്- സംബന്ധിച്ച്

ശമ്പള റിക്കവറി ,പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവയുടെ അടവ് പരിശോധിച്ചതിൽ യഥാസമയം അടവ് വരുത്തുന്നതായി കാണുന്നില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| മാസം | റിക്കവറി,പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ അടവാക്കിയത് |
|---|---|
| 5/16 | 19.8.16 |
| 6/16 | 19.8.16 |
| 7/16 | 19.8.16 |
| 3/16-7 /16LIC | 29.8.16 |
| 9/16 | 5.1.17 |
| 10/16 | 5.1.17 |
| 11/16 | 5.1.17 |

ശമ്പള റിക്കവറികൾ അതാത് മാസം അടവാക്കേണ്ടതാണെന്നിരിക്കെ വൈകി അടവാക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. പഞ്ചായത്ത് ഡയരക്ടറുടെ സർക്കുലർ നമ്പർ എഫ്.3/26572/03/17.11.03 പ്രകാരം ശമ്പളം മാറുന്ന ദിവസമോ 5ാം തിയ്യതിക്ക് മുമ്പോ പെൻഷൻ കോൺട്രിബ്യൂഷൻ ട്രഷറിയിൽ ഒടുക്കേണ്ടതാണെന്നിരിക്കെ വൈകി അടവാക്കിയതിന് കാരണം ബോധിപ്പിക്കേണ്ടതാണ്.

## 3-23 ഇൻകം ടാക്സ് കണക്കാക്കിയതിൽ ആർജ്ജിതാവധി ഉൾപ്പെടുത്താത്തത് -സംബന്ധിച്ച്

ശ്രീ രാധാകൃഷ്ണൻ അസി.സെക്രട്ടറിയുടെ ഇൻകം ടാക്സ് കണക്കാക്കിയതിൽ ആർജ്ജിതാവധി സറണ്ടർ (ബിൽ നം. 51600840/31.3.17 തുക 42242) ഉൾപ്പെടുത്തിയിട്ടില്ല.

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 18/22.9.17 നൽകിയതിന് ആയത് അടുത്ത സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുന്നതാണ് എന്ന മറുപടി ആണ് ലഭ്യമക്കിയത്.സാമ്പത്തിക വർഷത്തെ മുഴുവൻ വരുമാനവും ഇന്കം ടാക്സിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 ഗ്രാമപഞ്ചായത്ത് വാഹനം ലോഗ് ബുക്ക് സൂക്ഷിപ്പ്-അപാകതകൾ-സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ (KL 54 C 7303)ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.പ്രതിമാസ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

2.2016-17-ൽ 27.8.16 വരെ മാത്രമാണ് ലോഗ് ബുക്ക് എഴുതിയിട്ടുള്ളത്.

3.26.4.16 മുതൽ വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥന്റെയും കൺട്രോളിംഗ് ഓഫീസറുടെയും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

4.ആറു മാസത്തിലൊരിക്കൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണെന്നിരിക്കെ 26.4.16 നാണ്. അവസാനമായി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.21/22.9.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-25 ലൈബ്രറി സെസ് അടവ് -സംബന്ധിച്ച്

സർക്കുലർ നം 10088/എൽ/05/ത.സ്വ.ഭ.വ തി.20.9.2005 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക 2 ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടവാക്കേണ്ടതാണെന്നും ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും അടക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.2016-17 ൽ ലൈബ്രറി സെസ് അടവാക്കിയതായി കാണുന്നില്ല.ലൈബ്രറി സെസ് അടവാക്കിയിട്ടുണ്ടെങ്കിൽ വൗച്ചർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 22 തി 22.9.201 7 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-26 പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായ, പരിരക്ഷ- എന്ന പദ്ധതി (s0017/2017)യുടെ ഭാഗമായി പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 69842 രൂപ പിൻവലിച്ച് 30.03.2017 ന് KMSCL ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 42,000 രൂപയുടെ ഉപകരണങ്ങൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 27842/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ

അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 26 /22.9.2017 ക്ക് മറുപടി നൽകിയിട്ടില്ല. അവശേഷിക്കുന്ന 27842 രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നത് വരെ 27842 രൂപ തടസ്സം ചെയ്യുന്നു.

## 3-27 മരുന്ന് ലഭ്യമാക്കിയില്ല

1. പരിരക്ഷ- പാലിയേറ്റീവ് കെയർ എന്ന പദ്ധതി (s00204/2017)യുടെ ഭാഗമായി പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 150,000 രൂപ പിൻവലിച്ച് 30.03.2017 ന് KMSCL ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

2. വട്ടംകുളം പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി (s0023/2017)പ്രകാരം മെയിന്റനൻസ് ഫണ്ടിൽ, തനതുഫണ്ട് എന്നിവയിൽ നിന്ന് 300,000 രൂപ പിൻവലിച്ച് 30.03.2017 ന് KMSCL ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

3. പരിരക്ഷ- എന്ന പദ്ധതി (s0017/2017)യുടെ ഭാഗമായി പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന്150,000 രൂപ പിൻവലിച്ച് 30.03.2017 ന് KMSCL ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 26 /22.9.2017 ക്ക് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അറിയിക്കുന്നത് വരെ ചെലവ് തുക, 600,000 രൂപ (150,000 +300,000+150,000) തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 333027 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 223833 | 109194 |
| | 2016-17 | 48000 | നെൽകൃഷി വികസന പദ്ധതി | 46900 | 1100 |
| | 2016-17 | 72000 | കുടുംബശ്രീ യൂണിറ്റിന് നെൽകൃഷി | 72000 | 0 |
| | 2016-17 | 700000 | പരിയാപുരം കാലഞ്ചായി അംഗനവാടി | 0 | 700000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ- ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് : അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്: ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ - ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി- ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2010-11 | 4.1.13 | 2014-15 | 2010-11 വർഷം 20243രൂപ ചെലവഴിച്ച് വാങ്ങിയ പവർ ടില്ലർ റിപ്പർ എന്നിവ സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ ഉപേക്ഷിച്ച നിലയിൽ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ)* സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59406371 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53155581 |
| വരവിനങ്ങളിലുള്ള നഷ്ടം | 2690 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17484 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 51,92,999 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1890 | | രാജേഷ്.എം, സെക്രട്ടറി |
| 2-4 | 800 | | രാജേഷ്.എം, സെക്രട്ടറി |
| 3-1 | | 13715 | രാമചന്ദ്രൻ, അസി.എഞ്ചിനീയർ |
| 3-15 | | 3769 | പരമേശ്വരൻ.പി., സെക്രട്ടറി(ഇൻ ചാർജ്) |
| ആകെ | 2690 | 17484 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 24144 | ശ്രീ.സന്തോഷ് കുമാർ.എം.കെ, അസി.എഞ്ചിനീയർ |
| 3-3 | 1060500 | ശ്രീ.സന്തോഷ് കുമാർ.എം.കെ, അസി.എഞ്ചിനീയർ |
| 3-11 | 247489 | ശ്രീമതി.റാണികോമളം.പി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-15 | 1288128 | ശ്രീ.രാജേഷ്.എം, സെക്രട്ടറി |
| | 690813 | ശ്രീ.പരമേശ്വരൻ.പി., സെക്രട്ടറി(ഇൻ ചാർജ്) |
| 3-16 | 93517 | ശ്രീ.പരമേശ്വരൻ.പി., സെക്രട്ടറി(ഇൻ ചാർജ്) |
| | 63291 | ശ്രീ.രാജേഷ്.എം, സെക്രട്ടറി |
| 3-17 | 70775 | ശ്രീ.പരമേശ്വരൻ.പി., സെക്രട്ടറി(ഇൻ ചാർജ്) |
| 3-18 | 250000 | ശ്രീ.രാജേഷ്.എം, സെക്രട്ടറി |
| 3-20 | 589000 | ശ്രീ.രാജേഷ്.എം, സെക്രട്ടറി |
| 3-21 | 187500 | ശ്രീ.രാജേഷ്.എം, സെക്രട്ടറി |
| 3-26 | 27842 | മിർഫത് ഇബ്രാഹിം, മെഡിക്കൽ ഓഫീസർ, (പി.എച്.സി) |
| 3-27 | 600,000 | മിർഫത് ഇബ്രാഹിം, മെഡിക്കൽ ഓഫീസർ, (പി.എച്.സി) |
| ആകെ | 51,92,999 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 2582<br>(നിർമ്മാണ തൊഴിലാളി ക്ഷേമനിധി) | ശ്രീ.സന്തോഷ് കുമാർ.എം.കെ,<br>അസി.എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേഷ്.എം, സെക്രട്ടറി | സെക്രട്ടറി, പെരുമണ്ണക്ലാരി ഗ്രാമ പഞ്ചായത്ത് | ചെറുശ്ശേരി, മുണ്ടുപറമ്പ് |
| രാമചന്ദ്രൻ,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>പെരുമ്പടപ്പ് ബ്ലോക്ക് | കരിപ്പാളിൽ, തുയ്യം<br>എടപ്പാൾ |
| പരമേശ്വരൻ.പി.,<br>സെക്രട്ടറി(ഇൻ ചാർജ്) | സെക്രട്ടറി, ഏങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്ത് | പുളിന്തറ ഇല്ലം,<br>സരോവരം.പി.ഒ.,<br>അന്തിക്കാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1972-73 | എൽ.എഫ്.എം6/392/95 / 18-2-95 | 6 |
| 1974-75 | എൽ.എഫ്.എം6/393/95 / 18-2-95 | 8 |
| 1976-77 | എൽ.എഫ്.എം6/394/95 / 18-2-95 | 3 |
| 1977-78 | എൽ.എഫ്.എം6/395/95 / 18-2-95 | 17 |
| 1979-80 | എൽ.എഫ്.എം6/396/95 / 18-2-95 | 6 |
| 1980-81 | എൽ.എഫ്.എം6/397/95 / 18-2-95 | 3 |

| | | |
|---|---|---|
| 1981-82 | എൽ.എഫ്.എം6/398/95 / 18-2-95 | 7 |
| 1982-83 | എൽ.എഫ്.എം6/399/95 / 18-2-95 | 8 |
| 1983-84 | എൽ.എഫ്.എം6/400/95 / 18-2-95 | 21 |
| 1984-85 | എൽ.എഫ്.എം6/402/95 / 18-2-95 | 16 |
| 1986-87,87-88 | എൽ.എഫ്.എം6/403/95 / 18-2-95 | 9 |
| 1988-89,89-90 | എൽ.എഫ്.എം6/573/95 / 01-5-95 | 10 |
| 1990-91 | എൽ.എഫ്.എം6/661/95 / 18-2-95 | 12 |
| 1991-92 | എൽ.എഫ്.എം6/555/95 / 13-8-96 | 12 |
| 1996-97 | എൽ.എഫ്.എം14/558/95 / 13-12-98 | 31 |
| 1997-98 | എൽ.എഫ്.എം12/696/99 / 14-6-02 | 8 |
| 1998-99 (ചെലവ്) | എൽ.എഫ്.എം6/188/06 / 15-7-06 | 21 |
| 1999-00 | എൽ.എഫ്.എം6/189/06 / 15-7-06 | 4 |
| 2002-03 | എൽ.എഫ്.എം7/495/07 / 29-9-07 | 10 |
| 2003-04 | എൽ.എഫ്.എം6/30/09 / 18-4-09 | 13 |
| 2004-05 | എൽ.എഫ്.എം6/31/09 / 18-4-09 | 12 |
| 2005-06 | എൽ.എഫ്.എം6/630/10 / 27-10-10 | 20 |
| 2006-07 | എൽ.എഫ്.എം6/631/10/30-10-10 | 19 |
| 2007-08 | എൽ.എഫ്.എം17/564/11 / 27-2-12 | 23 |
| 2008-09 | എൽ.എഫ്.എം17/565/11 / 13-2-12 | 11 |
| 2009-10 | എൽ.എഫ്.എം17/566/11 / 15-6-11 | 30 |
| 2010-11 | എൽ.എഫ്.എം17/1727/13 / 17-3-14 | 20 |
| 2011-12 , 2012-13 | എൽ.എഫ്.എം17/374/15/ 10.04.15 / 18/04/15 | 20 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം17/2100/2016, 30.8.2016 | 18 |
| 2015-16 | കെ.എസ്.എ.എം.പി.എം17/20/2017, 06.02.17 | 22 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.10/2134/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

ഫോൺ 04832734951

ഇ-മെയിൽ dompm.ksad@kerala.gov.in

തീയ്യതി 24/11/2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ്ംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം

ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17വാർഷിക ധനകാര്യ പത്രിക ,വരവ് ,ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 2

# AUDIT CERTIFICATE

No.KSA/MPM10/2134/2017

Kerala State Audit Department

District Office ,Malappuram

Phone 04832734951

Email : dompm.ksad@kerala.gov.in

Date 24/11/2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vattamkulam Grama Panchayat in Malappuram District for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994,section 215 of the Kerala Panchayat Raj Act 1994,the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj Institutions.

In my Opinion ,the Financial Statements of Vattamkulam Grama Panchayat for the year 2016-17 except the

observations in My audit report properly presents the picture of income and expenditure.

Deputy Director

KERALA STATE AUDIT DEPARTMENT